**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **18-09-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസമാണ് സംസ്ഥാനത്തെ ജലവിതരണ സംവിധാനത്തിൽ നാളുകളായുള്ള പ്രയാസങ്ങൾക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് JJM, STATE PLAN, KIIFB, AMRUT, NABARD, RKI തുടങ്ങിയവയുടെ ശീർഷകത്തിൻ കീഴിലാണ്. ഈ പ്രവൃത്തികളിൽ ചിലതിന് കാലതാമസം ഉണ്ടാകുന്നത് ഭൂമി ഏറ്റെടുക്കൽ, വിവിധ PWD, NH തുടങ്ങിയ അനുമതികൾ, സാങ്കേതികവും കരാർപ്രശ്നങ്ങളും മുതലായവ മൂലമാണ്. ടി പ്രശ്നങ്ങൾ സംസ്ഥാനത്തെ ജലവിതരണ സംവിധാനത്തിൽ ചില പ്രതിസന്ധികൾക്ക് വഴിവെക്കുന്നുവെങ്കിലും ഇവയെല്ലാം പരിഹരിച്ച് മുന്നോട്ട് പോകാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). നില വിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%). മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ്ലൈൻ സ്ഥാപിക്കണ മെങ്കിൽ ഈ റോഡുകൾ വഴി മാത്രമേ സാധ്യമാവുകയുള്ളൂ. ഇതിനു ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയ വയും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിട യിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷം കൊണ്ടുതന്നെ നിലവിലുണ്ടായിരു ന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. ഫണ്ടിന്റെ |

അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണസ്ഥാപന ങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാ ക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 1.0 മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ഒൻപതു നഗരങ്ങളിൽ നടപ്പിലാക്കിയ പദ്ധതി ഏതാണ്ട് 93% പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 2.0വും, മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. കേരളത്തിലെ എല്ലാ നഗരങ്ങളും നടപ്പിലാക്കി വരുന്ന ഈ പദ്ധതിയും മികച്ച രീതിയിൽ പുരോഗമിക്കുന്നു. റോഡ് കട്ടിങ് അനുമതി ലഭ്യമാകാത്തതും സ്ഥലത്തിന്റെ ലഭ്യത കുറവും ഈ പദ്ധതികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെങ്കിലും ഇവയെല്ലാം പരിഹരിച്ചു മുന്നോട്ടു പോകുന്നു.

പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യതഉറപ്പു വരുത്താൻ കിഫ്ബി ധനസഹായത്തോടെ 77 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 66 കുടിവെള്ള പദ്ധതികളും 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു.

റോഡ് കട്ടിങ് അനുമതി ലഭ്യമാകാത്തത് ഈ പദ്ധതികളെയും പ്രതിസന്ധിയിലാക്കുന്നു ണ്ടെങ്കിലും ഇവയെല്ലാം പരിഹരിച്ച് മുന്നോട്ട് പോകുന്നു.

കിഫ്ബി ധനസഹായത്തോടെ ഉള്ള 29 കുടി വെള്ള പദ്ധതികളും 5 പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 2016 മുതൽ സംസ്ഥാന പദ്ധതിയിൽ 824.15 കോടി രൂപയുടെ 2190 പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കേരള വാട്ടർ അതോറിറ്റിയിൽ കാലോചിതമായി മാറ്റങ്ങൾ നടപ്പിലാക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ കേരളത്തിലൊട്ടാകെ ജല വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള ബൃഹത്തായ പദ്ധതികളായ ജൽ ജീവൻ മിഷൻ (JJM), അമൃത് (AMRUT) എന്നിവയുടെ നിർമ്മാണം കേരളത്തിലുടനീളം പുരോഗമിക്കുന്നതിനാൽ ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം അതോറിറ്റി ഓഫീസുകൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളെല്ലാം തന്നെ പൊതുജനങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂറും തടസരഹിതമായി ശുദ്ധജലം ലഭിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ വിതരണ ശൃംഖലയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വിതരണനഷ്ടം കാരണവും, പമ്പ് സെറ്റ് തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കാരണവും, പലപ്പോഴും ഇത് സാധ്യമാകാറില്ല. എന്നിരുന്നാലും പൈപ്പ് ലൈനുകളിലെ പൊട്ടലുകൾ / ലീക്കുകൾ യഥാസമയം ബ്ലൂ ബ്രിഗേഡ്/റണ്ണിങ് കോൺട്രാക്ട് സംവിധാനം ഉപയോഗിച്ച് പരിഹരിച്ചും, പൈപ്പ് ലൈനിലെ ബ്ലോക്കുകൾ നൂതന സംവിധാനം ഉപയോഗിച്ച് കണ്ടെത്തിയും കഴിയുന്നത്ര വേഗത്തിൽ ശുദ്ധജലവിതരണം പുനസ്ഥാപിക്കാറുണ്ട്.<br>കൂടാതെ വിവിധ അമൃത്, ജൽ ജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, നബാർഡ്, ADB, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവർത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകളും, പമ്പ് സെറ്റുകളും മാറ്റി സ്ഥാപിച്ചും പൊതുജനങ്ങൾക്ക് 24x7 ശുദ്ധജലം ലഭ്യമാക്കുക എന്ന കാര്യം ലക്ഷ്യമിടുന്നു.<br><br>എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM).<br><br>നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31%).<br><br>മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത ആവാസ വ്യവസ്ഥയും സാഹചര്യവും ദീർഘകാല ആവശ്യങ്ങളും |

| | | | |
|---|---|---|---|
| | | | സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്. |
| (ഡി) | പുതിയ എന്തെല്ലാം കർമ്മ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ? | (ഡി) | ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ കേന്ദ്ര സർക്കാർ നീട്ടിയിട്ടുണ്ട്. പ്രസ്തുത സമയ പരിധിയിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 2.0, മുഖ്യമായും നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. ഏതാണ്ട് 2215 കോടി രൂപയുടെ 217 കുടിവെള്ള പദ്ധതികൾക്കാണ് അമൃത്-ൽ ഭരണാനുമതി ലഭിച്ചിരിക്കുന്നത്. ഇതിലൂടെ ഏതാണ്ട് 4.35 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. 2026-ാട്ടു കൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്താൻ കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 5406.948 കോടി രൂപയുടെ 77 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4976.715 കോടി രൂപയുടെ 66 കുടിവെള്ള പദ്ധതികളും 430.233 കോടി രൂപയുടെ, 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. 2027-ാട്ടു കൂടി കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഏതാണ്ട് 22 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 137.88 കോടി രൂപയ്ക്ക് 319 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>ADB ധനസഹായത്തോടെ കൊച്ചി കോർപ്പറേഷനിൽ 24x7 ജലവിതരണം ഉറപ്പാക്കാനുള്ള 1141 കോടി രൂപയുടെ പദ്ധതി ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ